ആയുർവേദ ഗ്രന്ഥങ്ങൾ

72(2540) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആയുർവേദ ഔഷധങ്ങളെ സംബന്ധിച്ച് താളിയോലകളിലെ രേഖകൾ സംയോജിപ്പിച്ച് ഏതൊക്കെ പുസ്തകങ്ങളാണ് പ്രസിദ്ധീകരിച്ചത്;

(ബി) ഏതൊക്കെ രോഗങ്ങളുടെ വിദഗ്ധ ചികിത്സയാണ് പ്രസ്തുത ഗ്രന്ഥങ്ങൾ വിഭാവന ചെയ്യുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ ട്രഡീഷണൽ നോളജ് ഇന്നൊവേഷൻ-കേരള (റ്റി. കെ. ഐ. കെ.) വിഭാഗത്തിൽ ഔഷധങ്ങളെ സംബന്ധിച്ച് താളിയോലകളിലെ രേഖകൾ സംയോജിപ്പിച്ച് കേരളീയ ഔഷധ വിജ്ഞാനം വാല്യം 1, 2, 3, 4 Ayurvedic Legacy of Kerala Vol.I, IA, 2, 3 എന്നീ പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(ബി) എല്ലാ രോഗങ്ങൾക്കുമുള്ള ചികിത്സ വിവരിക്കുന്നതിനു പുറമെ വിശേഷിച്ച് ബാലരോഗങ്ങൾ, സ്ത്രീ രോഗങ്ങൾ എന്നിവയുടെ ചികിത്സയും വിഷ ചികിത്സ, മർമ്മ ചികിത്സ എന്നിവയും ഇതിൽ പ്രതിപാദിക്കുന്നുണ്ട്. പല രോഗങ്ങൾക്കും ചെലവു കുറഞ്ഞതും തനതു കേരളീയ രീതിയിലുള്ളതുമായ നിരവധി ചികിത്സാ ക്രമങ്ങൾ ഇതിൽ വിവരിക്കുന്നുണ്ട്.

ഞാറയ്ക്കൽ ആശുപത്രിയിലെ കാഷ്വാലിറ്റി

73(2541) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഞാറയ്ക്കൽ ആശുപത്രിയിൽ ഡോക്ടർമാരുടെ അഭാവംമൂലം കാഷ്വാലിറ്റി സേവനം തടസ്സപ്പെട്ടിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) രാത്രികാല സേവനവും കാഷ്വാലിറ്റി സേവനവും തടസ്സപ്പെടുന്നത് ഒഴിവാക്കാൻ നടപടിയൊന്നും സ്വീകരിക്കാത്തതിനുള്ള കാരണം വ്യക്തമാക്കാമോ;

(സി) പകരം ഡോക്ടർമാരെ നിയമിക്കാതെ നിലവിലുള്ളവരെ വിട്ടുതൽ ചെയ്തത് എന്തുകൊണ്ടെന്ന് വിശദമാക്കാമോ;

(ഡി) പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടി വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ-ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഞാറയ്ക്കൽ ആശുപത്രിയിൽ അസിസ്റ്റന്റ് സർജൻ തസ്തികയിൽ 3 ഒഴിവുകളുണ്ടാകുകയും ഒഴിവുകളിൽ ഒരെണ്ണം കേഡർമാറ്റം വഴിയും ഒരെണ്ണം സ്വമേധയാ രാജി വച്ച് ഒഴിഞ്ഞു പോയതിനാലും പകരം ആളിനെ നിയമിക്കാൻ കഴിയാത്ത സാഹചര്യമുണ്ടാകുകയും രാത്രികാല സേവനവും കാഷ്വാലിറ്റി സേവനവും തടസ്സപ്പെടുവാനിടയാവുകയും ചെയ്തു. മൂന്നാമത്തെ ഒഴിവ് സ്ഥലംമാറ്റം വഴി ഉണ്ടായതാണ്. സ്ഥലംമാറ്റം വഴി പോയ ആളിനുപകരം ഡോക്ടറെ നിയമിച്ചിട്ടുണ്ട്. മറ്റ് ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ അഡ്ഹോക്ക് വ്യവസ്ഥയിൽ ഒരു ഡോക്ടറെ നിയമിച്ചിട്ടുണ്ട്. അതോടൊപ്പം എറണാകുളം ജനറൽ ആശുപത്രിയിൽ നിന്നും മാലിപ്പുറം സാമൂഹികാരോഗ്യ കേന്ദ്രത്തിൽ നിന്നും ഓരോ ഡോക്ടർമാരെ ജോലി ക്രമീകരണ വ്യവസ്ഥയിൽ ഞാറയ്ക്കൽ ആശുപത്രിയിൽ നിയമിച്ചും ടി ആശുപത്രിയുടെ പ്രവർത്തനം മെച്ചപ്പെടുത്തിയിട്ടുണ്ട്.

ഡയാലിസിസ് യൂണിറ്റുകളുടെ പ്രവർത്തനം

74(2542) ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഡയാലിസിസ് യൂണിറ്റുകളുടെ പ്രവർത്തനത്തിന് എന്തെല്ലാം കർമ്മ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ-സി) കാരുണ്യാ ഡയാലിസിസ് യൂണിറ്റുകളുടെ പ്രവർത്തന വിവരങ്ങൾ താഴെ കൊടുക്കുന്നു:

LIBRARY ARCHIVES Kerala Legislative Assembly